**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

07.12.2018 ലെ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2771

**അമ്മംങ്കോട്-ചോക്കമൂല-കൊളച്ചെപ്പ് റോഡ് കോൺക്രീറ്റ്**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിലെ അമ്മംങ്കോട്-ചോക്കമൂല-കൊളച്ചെപ്പ് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് പട്ടികജാതി ക്ഷേമത്തിനായുള്ള കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. അമ്മംങ്കോട് എസ്.സി കോളനി റോഡ് ടാറിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റ് തുകയായ 15,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എസ്.സി. ബെനിഫിഷ്യറി ലിസ്റ്റ് പ്രകാരം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഉപകാരപ്പെടുമെന്ന നിലയിലാണ് അനുമതി നൽകിയത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 12 പട്ടികജാതി കുടുംബങ്ങൾക്ക് ഉപകാരപ്പെടുമെന്ന നിലയിലാണ് അനുമതി നൽകിയത്. 12 കുടുംബങ്ങളുടെ ലിസ്റ്റ്, അനുബന്ധമായി ചേർക്കുന്നു. |
| (സി) | റോഡ് പണി പൂർത്തിയാക്കിയതിനു ശേഷം ഇത് എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഉപകാരപ്പെട്ടിട്ടുണ്ടെന്ന വിഷയം പരിശോധന വിഷയമാക്കി യിട്ടുണ്ടോ;ഇല്ലെങ്കിൽ ഈ വിഷയം പരിശോധിക്കുമോ;വിശദാംശങ്ങൾ അറിയിക്കുമോ; | ((സി) | റോഡ് പണി പൂർത്തീകരിച്ചിട്ടില്ല. ടാറിംഗ് ജോലികൾ അവശേഷിക്കുന്നു. 12 പട്ടികജാതി കുടുംബങ്ങൾക്ക് ഉപകാരപ്പെടുമെന്ന നിലയിലാണ് അനുമതി നൽകിയത്. എന്നാൽ ഈ റോഡ് നീണ്ടു പോകുന്നത് അമ്മൻകോട് ചക്ലിയ കോളനിയിലേയ്ക്കായതിനാൽ ഇവിടെയുള്ള 18 കുടുംബങ്ങൾക്ക് കൂടി ഇതിന്റെ പ്രയോജനം ലഭിക്കും. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത റോഡ് പണി പൂർത്തിയായ ഉടനെ തന്നെ പൊട്ടിപ്പൊളിഞ്ഞുപോയതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവ് നൽകുമോ;വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി റോഡ് കോൺക്രീറ്റ് ചെയ്യതിന്റെ തുടക്കത്തിലുള്ള കുറച്ചുഭാഗവും, കോൺക്രീറ്റ് കഴിഞ്ഞുള്ള കുറച്ചു ഭാഗവും ടാറിംഗ് ചെയ്യിരുന്നു. എന്നാൽ വെള്ളം റോഡിൽ കെട്ടി നിന്നതു കാരണം ടാറിംഗ് ചെയ്ത ഭാഗം പൊട്ടിപൊളിഞ്ഞു പോയിട്ടുണ്ട്. കോൺക്രീറ്റ് റോഡിൽ നിന്നുള്ള വെള്ളം മുഴുവൻ റോഡിലേയ്ക്ക് ഒഴുകി അവിടെ വെള്ളം കെട്ടി നിന്നതിനാലാണ് ടാറിംഗ് ചെയ്ത ഭാഗം പൊട്ടി പൊളിഞ്ഞു പോയത്. ഇതു വീണ്ടും ടാറിംഗ് ചെയ്യാമെന്ന് കോൺട്രാക്ടർ സമ്മതിച്ചിട്ടുണ്ട്. എന്നാൽ കോൺക്രീറ്റ് ചെയ്ത ഭാഗത്തിന് യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

12 പട്ടികജാതി കുടുംബങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

1. കൃഷ്ണൻ S/o ഗുരുവപ്പ
2. ആനന്ദ S/o ഗുരുവപ്പ
3. പ്രകാശ് S/o ബാബു
4. പ്രേമ W/o ഐതപ്പാ
5. കമല D/o ബൈറ
6. ഗിരിജ D/o ഗുരുവപ്പ
7. കോരപ്പാലു W/o കൃഷ്ണ
8. വെള്ളാച്ചി W/o ചുക്രു
9. സുശീല W/o സഞ്ജീര
10. ലക്ഷ്മണ S/o ബാട്യാ
11. സഞ്ജീവ S/o ബാട്യാ
12. രമേശാ S/o ബാട്യാ

സെക്ഷൻ ഓഫീസർ